

**REV BR ROBIN**
**POOTHAKUZHIYIL**

# EMMAUS VACHANADOOTH

**SEPTEMBER 15, 2013**

**VOLUME 4 ISSUE 16**

## പ്രകാശിതരാകാം പ്രകാശമേകാം

വി. കൊച്ചുത്രേസ്യാ പുണ്യവതിയുടെ ജീവചരിത്രത്തിൽ ഒരു സംഭവം വിവരിക്കുന്നുണ്ട്. 1927ലാണ് സംഭവം നടക്കുന്നത്. ഫ്രാൻസിസ് എന്ന മനുഷ്യൻ ഒരു സ്ത്രീയേയും അവളുടെ ഏകമകളെയും കൊല ചെയ്യുന്നു. ഫ്രഞ്ച് രാജ്യത്തിന്റെ മനസാക്ഷിയെ പിടിച്ചു കുലുക്കിയ ഒരു സംഭവമായിരുന്നു അത്. ഫ്രാൻസിസിനെ കോടതി വധശിക്ഷയ്ക്ക് വിധിച്ചു. മരണത്തിനു പോലും ആ മനുഷ്യനെ മാനസാന്തരപ്പെടുത്താൻ സാധിച്ചില്ല എന്ന് മാധ്യമങ്ങൾ എഴുതി. ഈ വാർത്ത വി. കൊച്ചുത്രേസ്യായും അറിഞ്ഞു. ആ പാപിയുടെ മാനസാന്തരത്തിനുവേണ്ടി അവൾ കണ്ണുനീരൊഴുക്കി പ്രാർത്ഥിച്ചു. മരണശിക്ഷ നടപ്പിലാക്കിയ പിറ്റെ ദിവസത്തെ പത്രങ്ങളിലൂടെ പുണ്യവതി കണ്ണോടിച്ചു. എല്ലാ പത്രങ്ങളുടെയും പ്രധാനവാർത്ത, എല്ലാവരാലും വെറുക്കപ്പെട്ട, പാപിയായ ഫ്രാൻസിസ് മരിക്കുന്നതിനു മുമ്പ് ക്രൂശിതരൂപം പിടിച്ചുവാങ്ങി കണ്ണീരോടെ ചുംബിച്ച വാർത്തയായിരുന്നു. ഈ പാപിയുടെ മാനസാന്തരം സ്വർഗ്ഗത്തെ വളരെയധികം സന്തോഷിപ്പിച്ചിരിക്കാം.



സ്നേഹമുള്ളവരെ ഇന്ന് മത്തായി സുവിശേഷത്തിലൂടെ ഒരു പുതുയുഗ സൃഷ്ടിയുടെ കാഹളം മുഴങ്ങുകയാണ്. മാനസാന്തരപ്പെടുവിൻ സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു. ഓരോ പാപിയുടെയും മാനസാന്തരത്തിനു വേണ്ടി സ്വർഗ്ഗം കാത് കൂർപ്പിച്ചിരിക്കുകയാണ്. നമ്മുടെ ജീവിത വഴികളിൽ നടക്കേണ്ട ഒന്നാണ് മാനസാന്തരം. മാനസാന്തരം എന്നത് കഴിഞ്ഞകാല പാപങ്ങളെക്കുറിച്ചുള്ള കണ്ണുനീരല്ല. മറിച്ച് കഴിഞ്ഞകാല പാപ ജീവിതത്തിൽ നിന്നും ഉള്ള പൂർണ്ണ വിടുതലും അവയിലേക്ക് തിരിച്ചു പോകില്ല എന്ന ഉറച്ച തീരുമാനവുമാണ്. ഈ പിന്തിരിയൽ യഥാർത്ഥത്തിൽ ദൈവത്തിങ്കലേക്കുള്ള പിൻതിരിയലാണ്. പന്നിക്കുഴിയുടെ ഭീകരതയിൽ നിന്ന് പിതാവിന്റെ ഭവനത്തിലേക്ക് ധൂർത്തപുത്രൻ ചെന്നതുപോലെ ഒരു മടക്കയാത്ര നമ്മുടെ ജീവിതത്തിൽ നടക്കേണ്ടതാണ് എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണ് ഇന്നത്തെ വചനം.

സുവിശേഷദൂരങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ മാനസാന്തരത്തിന്റെ ഫലങ്ങൾ സ്വീകരിച്ച് സ്വർഗ്ഗരാജ്യത്തിലേക്ക് നടക്കുന്ന പലരെയും നാം കാണുന്നുണ്ട്. സക്കേവൂസും, പാപിനിയായ സ്ത്രീയും സമരിയാക്കാരി സ്ത്രീയുമൊക്കെ പാപത്തിന്റെ മണൽതിട്ടയിൽ നിന്ന് സ്വർഗ്ഗരാജ്യത്തിന്റെ സമ്പന്നതയിലേക്ക് നടന്ന് കയറിയവരാണ്. ദൈവം ഒരിക്കലും മനുഷ്യന്റെ കുറവുകളിലേക്ക് നോക്കാറില്ല. മറിച്ച് മനോഭാവങ്ങളിലേക്കാണ് നോക്കുന്നത്. നിന്റെ മാനസാന്തരം നിന്റെ സ്വപ്നങ്ങൾക്കും അപ്പുറത്തേക്ക് അവിടുത്തെ സ്വപ്നത്തേയും പദ്ധതികളെയും പുനഃപ്രതിഷ്ഠിക്കലാണ്. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അനുദിനം, അനുനിമിഷം പ്രവർത്തന നിരതമാകേണ്ട, യാഥാർത്ഥ്യമാകേണ്ട ഒന്നാണ് ഈ മാനസാന്തരം.



പ്രിയമുള്ളവരെ മാനസാന്തരത്തിന്റെ വഴിയിലൂടെ സഞ്ചരിക്കുന്നവർക്ക് മാത്രമേ പ്രകാശത്തിന്റെ മക്കളാകാൻ സാധിക്കയുള്ളൂ. ഈശോ ഈ ലോകത്തിന്റെ പ്രകാശമായ് ഈ ലോകത്തിലേക്ക് കടന്നുവന്നതിന്റെ ലക്ഷ്യം സാത്താൻ തീർത്ത അന്ധകാരത്തെ അതിജീവിക്കാനാണ്. കാന്തത്തോട് ചേർന്നിരിക്കുന്നതെല്ലാം കാന്തിക സ്വഭാവം ഉണ്ടാകുന്നതുപോലെ ദൈവത്തോട് ചേർന്നിരിക്കുന്നവരെയെല്ലാം പ്രകാശിക്കും.

നിന്റെ മാനസാന്തരം നിന്റെ സ്വപ്നങ്ങൾക്കും അപ്പുറത്തേക്ക് അവിടുത്തെ സ്വപ്നത്തേയും പദ്ധതികളെയും പുനഃപ്രതിഷ്ഠിക്കലാണ്. ഒരു ക്രിസ്ത്യാനിയുടെ ജീവിതത്തിൽ അനുദിനം, അനുനിമിഷം പ്രവർത്തന നിരതമാകേണ്ട, യാഥാർത്ഥ്യമാകേണ്ട ഒന്നാണ് ഈ മാനസാന്തരം.

സ്നേഹമുള്ളവരെ പ്രകാശമില്ലാതെ പ്രവൃത്തിക്കുന്ന ജീവിതങ്ങളായി പലപ്പോഴും നാം മാറുന്നുണ്ട്. ക്രിസ്തു വസിക്കുന്ന ജീവിതങ്ങൾ വഴിവിളക്കുകൾ പോലെയാണ്. ഇരുളിലും മരണത്തിന്റെ നിഴലിലും കഴിഞ്ഞിരുന്നുവരെ തേടിവരുന്ന പ്രകാശമായിട്ടാണ് സുവിശേഷങ്ങൾ ക്രിസ്തുവിനെ അവതരിപ്പിക്കുന്നത്. കൊൽക്കത്തയിലെ അന്ധകാരം നിറഞ്ഞ തെരുവിലൂടെ വി. മദർതെരേസ നടന്നു നീങ്ങിയപ്പോൾ അവിടെ പ്രകാശിതമായി. മനസ്സിൽ മുഴുവൻ ഇരുട്ട് നിറഞ്ഞ മോണോക്കയിലെ കുഷ്ഠരോഗികളുടെ ഇടയിലൂടെ വി. ഡാമിയൻ നടന്നപ്പോൾ അവിടെ പ്രകാശം പരന്നു. തിന്മയുടെ അന്ധകാരത്തിൽ കിടന്നുറങ്ങിയ ഒരു പറ്റം യുവജനങ്ങളുടെ ഇടയിലേക്ക് വി. ഡോൺ ബോസ്കോ ഇറങ്ങിത്തിരിച്ചപ്പോൾ അവർ പ്രകാശം പരത്തുന്നവരായി. ആർസിലെ തിന്മയുടെ അന്ധകാരത്തിലേക്ക് വി. ജോൺ മരിയ വിയാനി കടന്നുചെന്നപ്പോൾ അവിടേയും പ്രകാശം ഉദയം ചെയ്തു. പ്രിയമുള്ളവരെ ക്രിസ്തുവിനെ ഹൃദയത്തിൽ വഹിച്ചുകൊണ്ട് യാത്ര ചെയ്യുമ്പോൾ നാം ചെല്ലുന്നിടമെല്ലാം പ്രകാശത്താൽ നിറയും.





പ്രലോഭനങ്ങളെ അതിജീവിക്കുമ്പോഴാണ് നമുക്കും പ്രകാശമാകാൻ സാധിക്കുക. പ്രലോഭനത്തിന്റെ കാഠിന്യവും സംഖ്യയും കൂടുമ്പോൾ അവയെ അതിജീവിക്കുന്നവന്റെ പ്രകാശവും വർദ്ധിക്കുന്നു. അഗ്നിയിൽ സ്വർണ്ണം ശുദ്ധിചെയ്യുന്നതുപോലെ. അഗ്നിയുടെ കാഠിന്യം ഏറുമ്പോൾ സ്വർണ്ണത്തിന്റെ മാറ്റ് കൂടുന്നു. അങ്ങനെയെങ്കിൽ ഇന്നത്തെ ലോക സാഹചര്യങ്ങൾ വച്ചു നോക്കുമ്പോൾ ഞാനും നിങ്ങളുമൊക്കെ വലിയ പ്രകാശ സ്രോതസ്സുകളായി തീരേണ്ടതാണ്. എന്നാൽ പലപ്പോഴും പ്രകാശത്തിനു പകരം അന്ധകാരം പരത്തുന്നവരായി നാം തീരാറില്ലേ?

ലോകം മുഴുവനും പ്രകാശമാക്കാൻ സാധിച്ചില്ലെങ്കിലും എന്റെ കുടുംബത്തിന്റെ എന്റെ സുഹൃത്തുക്കളുടെ മുമ്പിൽ, ഞാനായിരിക്കുന്ന സമൂഹത്തിൽ ഒരൽപം പ്രകാശം നൽകാൻ സാധിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നു. മിന്നാമിനുങ്ങിന്റെ നുറുങ്ങ് വെട്ടത്തിനും അതിന്റേതായ പ്രാധാന്യമുണ്ട്. മിന്നാമിനുങ്ങുകളുടെ എണ്ണം കൂടുമ്പോൾ പ്രകാശത്തിന്റെ അളവും കൂടും. അതുപോലെ, നമ്മുടെ ഓരോരുത്തരുടേയും കൊച്ചു കൊച്ച് പ്രകാശങ്ങൾ ഒരുമിച്ച് ചേർക്കാനായാൽ അത് വലിയ പ്രകാശമായിത്തീരും. അതുകൊണ്ട് പ്രലോഭനങ്ങളെ അതിജീവിച്ച് സ്വയം പ്രകാശമായിത്തീരാൻ നമുക്ക് പരിശ്രമിക്കാം. അതുവഴി നമ്മുടെ കുടുംബങ്ങളെയും നാം ആയിരിക്കുന്ന സമൂഹങ്ങളെയും പ്രകാശിപ്പിച്ച് ലോകം മുഴുവൻ പ്രകാശമാകാൻ നമുക്ക് സാധിക്കട്ടെ. അതിനുള്ള കൃപാവരത്തിനായ് നമുക്ക് പ്രാർത്ഥിക്കാം.

**പ്രലോഭനത്തിന്റെ കാഠിന്യവും സംഖ്യയും കൂടുമ്പോൾ അവയെ അതിജീവിക്കുന്നവന്റെ പ്രകാശവും വർദ്ധിക്കുന്നു. അഗ്നിയിൽ സ്വർണ്ണം ശുദ്ധിചെയ്യുന്നതുപോലെ. അഗ്നിയുടെ കാഠിന്യം ഏറുമ്പോൾ സ്വർണ്ണത്തിന്റെ മാറ്റ് കൂടുന്നു.**




